# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## വള്ളികുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-**688001**

ഇ-മെയിൽ: **ddhglfalpy@gmail.com**
ഫോൺ : **0477-2252753**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി
/പി6/1343/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 18/12/2025
ഇ-മെയിൽ:
ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളികുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി6/1343/2025 തീയ്യതി: 18/12/2025

## ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിത ദാസ് | ഡെപ്യൂട്ടി ഡയറക്ടർ | 04-11-2025 | 13-11-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2025 | 13-11-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

മിനി പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫിസർ (ഹ.ഗ്രേ)
പ്രവീൺ ഷേണായി, ഓഡിറ്റ് ഓഫിസർ
സിന്ധ്യ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീകാന്ത് സി.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിജി പ്രസാദ് | പ്രസിഡന്റ് | 01-04-2024 | 16-08-2024 |
| ഡി.രോഹിണി | പ്രസിഡന്റ് | 17-08-2024 | 31-03-2025 |
| ബിജു.കെ.പി | സെക്രട്ടറി | 01-04-2024 | 31-03-2025 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നിഖിൽ.ആർ.പിള്ള | കൃഷി ഓഫിസർ | 01-04-2024 | 31-03-2025 |
| ഡോ.വേണുഗോപാൽ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീലേഖ.വി | ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ | 01-04-2024 | 15-08-2024 |
| സന്ധ്യ.ടി | ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ | 16-08-2024 | 31-03-2025 |
| ഡോ.ആനന്ദ്.പി | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി | 01-04-2024 | 31-03-2025 |
| ഡോ.ജയകുമാർ | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2024 | 09-12-2024 |
| ഡോ.നീലി നായർ | മെഡിക്കൽ ഓഫിസർ (ആയുർവേദം) | 10-12-2024 | 28-02-2025 |
| ഡോ.ജയകുമാർ | മെഡിക്കൽ ഓഫിസർ( ആയുർവേദം) | 01-03-2025 | 31-03-2025 |
| ഡോ.പി.കെ.മാമൻ | മെഡിക്കൽ ഓഫിസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| രാധാകൃഷ്ണൻ | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |
| ആര്യശങ്കർ.എം.എസ്സ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 17-10-2024 |
| അജിത്.ബി | അസിസ്റ്റൻറ് എഞ്ചിനിയർ | 18-10-2024 | 09-01-2025 |
| ജയശ്രീ.എൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 10-01-2025 | 31-03-2025 |
| മെർലിൻ മാത്യൂ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| അബു രവീന്ദ്രൻ | വി.ഇ.ഒ സർക്കിൾ 1 | 01-04-2024 | 31-03-2025 |
| ഹരിപ്രിയ.റ്റി | വി.ഇ.ഒ, സർക്കിൾ 2 | 01-04-2024 | 31-03-2025 |
| സജി കുമാർ കെ.എസ്സ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 30-08-2024 |
| സുരേഷ്.കെ | അസിസ്റ്റന്റ് സെക്രട്ടറി | 31-08-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-1 |
| 3 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി യഥാസമയം രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ബാലൻസ് ഷീറ്റിൽ അദർ അഡ്വാൻസ് അക്കൗണ്ട് ഹെഡ് പ്രകാരമുള്ള തുകയുടെ കൃത്യത വ്യക്തമാക്കപ്പെട്ടില്ല. | 1-1-4 |
| 6 | വെള്ളക്കരം കുടിശ്ശിക ബാധ്യതയായി അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | ഓഡിറ്റ് ഇംപാക്ട് - തൊഴിൽ നികുതി 3,440/-രൂപ പഞ്ചായത്തുഫണ്ടിൽ ഒടുക്കുവരുത്തി | 1-10 |
| 16 | തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-11 |
| 17 | വള്ളികുന്നംചിറ ചെളിമണ്ണ് ലേലം - 1,97,16,682/- രൂപയുടെ വരുമാന നഷ്ടം | 1-12 |
| 18 | ജി.എസ്.ടി.(ടി.ഡി.എസ്.)ബില്ലിൽ കുറവ് വരുത്തി ഒടുക്കിയില്ല | 1-13 |
| 19 | വലിയതുറ ജംഗ്ഷൻ കണ്ണങ്കര ജംഗ്ഷൻ റോഡ് മെയിന്റനൻസ്-കാലാവധി ദീർഘീകരണം എ.എക്സ്.ഇ.യുടെ അംഗീകാരം ഇല്ലാതെ | 1-14 |
| 20 | പൈക്ക പദ്ധതി - ചെലവഴിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല | 1-15 |
| 21 | ബെയിലിംഗ് മെഷീൻ - പ്രവർത്തന സജ്ജമാക്കിയില്ല | 1-16 |
| 22 | ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ചില്ല | 1-17 |
| 23 | സ്മാർട്ട് അങ്കണവാടി - മൂല്യനിർണയ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-18 |
| 24 | വീട് മെയിന്റനൻസ് (എസ്.സി.പി) - നാളിതുവരെ പണി പൂർത്തീകരിച്ചില്ല | 1-19 |
| 25 | മുട്ടക്കോഴി വിതരണം - ഗുണഭോക്തൃ വിഹിതം പൂർണമായും ചെലവഴിച്ചില്ല | 1-20 |
| 26 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-21 |
| 27 | അഗതിരഹിത കേരളം പദ്ധതി – അതിജീവനാവശ്യങ്ങൾ നിറവേറ്റപ്പെടുന്നില്ല | 1-22 |
| 28 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -അപാകത | 1-23 |
| 29 | ജലജീവൻ മിഷൻ- അവലോകനം | 1-24 |
| 30 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |

## ഭാഗം **3**

--- No Records Found ---

## ഭാഗം **4**


| | | |
|---|---|---|
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 08.07.2025 ലെ 2 (1)-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 10.07.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വള്ളികുന്നം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ.ജി നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വള്ളികുന്നം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62-3 പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-2 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി യഥാസമയം രേഖപ്പെടുത്തുന്നില്ല**

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. വർഷാവസാനം മാത്രമാണ് ലെഡ്ജറിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

**1-1-3 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്ക് പ്രകാരമുള്ള പ്രകാരമുള്ള വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയപ്രകാരമുള്ള പ്രസ്തുത കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

**1-1-4 ബാലൻസ് ഷീറ്റിൽ അദർ അഡ്വാൻസ് അക്കൗണ്ട് ഹെഡ് പ്രകാരമുള്ള തുകയുടെ കൃത്യത വ്യക്തമാക്കപ്പെട്ടില്ല :**

ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം അദർ അഡ്വാൻസ് എന്ന വിഭാഗത്തിൽ 11,56,449/-രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. മുൻവർഷങ്ങളിലേതുൾപ്പടെയുള്ള ടി തുകയുടെ കൃത്യത ഹാജരാക്കിയ അഡ്വാൻസ് രജിസ്റ്റർ പ്രകാരം വ്യക്തമാക്കപ്പെട്ടിട്ടില്ല.

**1-1-5 വെള്ളക്കരം കുടിശ്ശിക ബാധ്യതയായി അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയില്ല**

01.03.2025 ലെ വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം പഞ്ചായത്തിന്റെ വെള്ളക്കരം കുടിശ്ശിക 35,813/-രൂപയാണ്. എന്നാൽ ടി തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

2024-25 ലെ ബജറ്റ് 7.2.24-ാം തീയതിയിലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് 27.03.2025-ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(1)-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 502170773 | 499328500 |
| വാർഷിക കണക്ക് പ്രകാരം<br>(ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം) | 254949653 | 299576453 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 2,55,19,716 |
| വരവ് | 6,70,04,783 |
| ആകെ | 9,25,24,499 |
| ചെലവ് | 6,39,09,834 |

| നീക്കിയിരിപ്പ് | 2,86,14,665 |
|---|---|

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കി ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,01,93,000 | 2,01,93,000 | 2,01,93,000 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,02,95,672 | 1,02,95,672 | 1,02,95,672 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 65,56,258 | 51,60,168 | 1,17,16,426 | 10,60,284 | 1,06,56,142 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2,86,38,319 | 2,86,38,319 | 2,86,38,319 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 57,98,641 | 57,98,641 | 57,98,641 | 0 |
| ഹെൽത്ത് ഗ്രാന്റ് | 0 | 23,23,391 | 23,23,391 | 10,52,471 | 12,70,920 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി ചെലവ് (രൂപ) | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 210 | 29,87,28,707 | 153 | 10,75,28,690 | 118 | 35 | 57 | 56.19% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1,355 | 16,25,495 | 16,26,850 | 16,23,944 | 2,906 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,99,07,189 | 5,99,07,189 | 5,99,07,189 | 0 |
| ആകെ | 1,355 | 6,15,32,684 | 6,15,34,039 | 6,15,31,133 | 2,906 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2,880 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 45,13,200 | 2600 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 2,00,38,100 | 11789 |
| വാർദ്ധക്യകാല പെൻഷൻ | 4,58,76,500 | 29989 |
| വികലാംഗ പെൻഷൻ | 56,13,500 | 327 |
| അവിവാഹിതപെൻഷൻ | 7,60,200 | 483 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,20,000 | 4 |

**1-8 ക്യാഷ് ബാലൻസ് പരിശോധന**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2025-ാം തീയതി 03.00 പി.എം.ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 610/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് താഴെ ചേർക്കുന്ന അപാകതകൾ കൂടി പരിഹരിക്കേണ്ടതുണ്ട്.

1. പഞ്ചായത്ത് തൻവർഷം ആർജ്ജിച്ച ആസ്തികൾ കൂടി ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല.
2. പദ്ധതികൾ ആതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് ചെയ്യുന്നില്ല. പ്രോജക്ട് ഫയലുകളിലൊന്നും മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.
3. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതിയുടെ ഉദാസീനത പ്രകടമാണ്. ഉദാഹരണമായി വള്ളികുന്നം ചിറയിലെ ചെളിമണ്ണ് ഇതുവരെയും ലേലം ചെയ്ത് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

**1-10 ഓഡിറ്റ് ഇംപാക്ട് - തൊഴിൽ നികുതി 3,440/-രൂപ പഞ്ചായത്തുഫണ്ടിൽ ഒടുക്കുവരുത്തി**

27.06.2024 തീയതിയിലെ സ.ഉ.(സാധാ)നാം.1149/2024/എൽഎസ്ജിഡി നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ച സ്ലാബിനനുസൃതമായി 2024-25 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധവർഷം മുതൽ തൊഴിൽ നികുതി പുതുക്കിയ നിരക്കിലാണ് ഈടാക്കേണ്ടത്. എന്നാൽ ഇതു സംബന്ധിച്ച രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ ചില ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി പുതുക്കിയ നിരക്കിന് അനുസൃതമായി ഈടാക്കിയിരുന്നില്ല.

ഓഡിറ്റ് എൻക്വയറി (നമ്പർ 01/03.11.2025)യെ തുടർന്ന് 16 ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ കുറവുവന്ന തുകയായ 3,440/- രൂപ മേൽ ജീവനക്കാരിൽ നിന്നും ഈടാക്കി രേഖകൾ സഹിതം മറുപടി നൽകി.

**1-11 തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പല സ്ഥാപനങ്ങളും തൊഴിൽനികുതി ഒടുക്കാതെ പ്രവർത്തിക്കുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അക്ഷയ കേന്ദ്രം, മലമേൽ ചന്ത |
| 2 | അക്ഷയ കേന്ദ്രം, മണക്കാട് |
| 3 | ഗ്രാമനിധി ലിമിറ്റഡ്, മണക്കാട് |
| 4 | കാർത്തിക ഫൈനാൻസിയേഴ്സ്, മണക്കാട് |
| 5 | ജി എസ് ഫൈനാൻസിയേഴ്സ്, കാരാഴ്മ |

പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരെ തൊഴിൽ നികുതി

ഡിമാന്റിലേയ്ക്ക് ഉൾപ്പെടുത്തുന്നതിൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ പ്രൊഫഷണലുകളുടെ ഡേറ്റാ ബേസ് തയ്യാറാക്കുന്ന കാര്യത്തിലും നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/06.11.2025) സെക്രട്ടറി നൽകിയ മറുപടിയിൽ മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പ്രൊഫഷണലുകളുടെ ഡേറ്റാബേസ് തയ്യാറാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികളിലൂടെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12 വള്ളികുന്നംചിറ ചെളിമണ്ണ് ലേലം - 1,97,16,682/- രൂപയുടെ വരുമാന നഷ്ടം**

വള്ളികുന്നം ചിറയിൽ നബാർഡ് മുഖേന അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പാക്കിയ പ്രവൃത്തിയുടെ ഭാഗമായി സംഭരിച്ചിട്ടുള്ള 15050.903 ക്യൂബിക് മീറ്റർ ചെളിമണ്ണിന് 07.12.2022-ലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ വാല്യുവേഷൻ റിപ്പോർട്ട് അനുസരിച്ച് 1,65,55,993/- രൂപ മൂല്യം തിട്ടപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റിയുടെ 9.12.2022 ലെ 3(1) തീരുമാനമനുസരിച്ച് ചെളിമണ്ണ് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതിനുള്ള അനുമതി ജില്ലാ കളക്ടറുടെ ഓഫിസിൽ നിന്നും ലഭ്യമാക്കി റോയൽറ്റി തുക നിശ്ചയിച്ച് നൽകിയതിന്റെ രേഖകളും ഫയലിനൊപ്പം ഉള്ളടക്കംചെയ്തിട്ടുണ്ട്. 3.03.2023 തീയതിയിൽ നടത്തിയ പരസ്യ ലേലത്തിൽ ലേലം കൊണ്ട തുക വളരെ കുറവാണെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു.ലേല വ്യവസ്ഥകളിൽ മറ്റ് ചാർജ്ജുകൾക്കൊപ്പം സീനിയറേജും ഉൾപ്പെടുത്തി അടിയന്തിരമായി ലേല നോട്ടീസ് പ്രസിദ്ധീകരിച്ച് നടപടികൾ സ്വീകരിക്കണമെന്ന കമ്മറ്റി അംഗങ്ങളുടെ അഭിപ്രായം, ചെളിമണ്ണ് വില്പന നടത്തുമ്പോൾ റവന്യൂ വകുപ്പ് നിശ്ചയിച്ച് നൽകുന്ന സീനിയറേജ് ചാർജ്ജ് കൂടി അടവാക്കേണ്ടതുണ്ടെന്നും റോയൽറ്റിയും സീനിയറേജ് ചാർജ്ജും അടവാക്കിയ ചലാൻ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും പാസ്സ് അനുവദിക്കുകയുള്ളൂന്ന് ജിയോളജിസ്റ്റ് അറിയിച്ചിട്ടുണ്ടെന്നും ആകയാൽ സീനിയറേജ് ചാർജ്ജ് നിശ്ചയിച്ച് നൽകുന്നതിന് ബഹു. ജില്ലാ കളക്ടർക്ക് അപേക്ഷ നൽകി ആയത് ലഭ്യമായതിന് ശേഷം സീനിയറേജ് തുക കൂടി ലേല വ്യവസ്ഥയിൽ ഉൾപ്പെടുത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണെന്നുമുള്ള സെക്രട്ടറിയുടെ അഭിപ്രായം എന്നിവ കണക്കിലെടുത്ത് പുനർലേലം നടത്താൻ തീരുമാനിച്ചു. 20.03.2023-ൽ നടന്ന പുനർലേലത്തിൽ എം3 ന് 1,310/-രൂപ റേറ്റ് ക്വാട്ട് ചെയ്ത ശ്രീ.രാജേന്ദ്രപ്പണിക്കർ, പുലിത്തിട്ട എന്ന വ്യക്തിക്ക് ലേലം ഉറപ്പിച്ചു നൽകിയെങ്കിലും ലേലം കൊണ്ട തുക കുറവാണെന്നും, പഞ്ചായത്തിന്റെ ആസ്തി വിറ്റഴിയ്ക്കുമ്പോൾ ആക്ഷേപരഹിതമായും സുതാര്യമായും നടപടികൾ സ്വീകരിയ്ക്കേണ്ടതിനാൽ ഒറ്റവിളി മാത്രമുള്ള ലേലം പെന്റിംഗിൽ വെച്ച് കൊണ്ട് ഒരിയ്ക്കൽ കൂടി ക്വട്ടേഷൻ/കൺസീൽഡ് മാത്രമായി ലേലം നടത്താൻ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനിയ്ക്കുകയും പിന്നീട് ആരും തന്നെ ഓഫർ നല്കാത്തതിനാൽ ലേലം ശ്രീ.രാജേന്ദ്രപണിയ്ക്കർക്ക് തന്നെ ഉറപ്പിച്ച് നൽകുകയും ചെയ്തു. ടെണ്ടർ അസാധുവായെന്നും താൻ അടവാക്കിയ നിരതദ്രവ്യം തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് കൊണ്ട് പഞ്ചായത്തിനെതിരെ ശ്രീ.രാജേന്ദ്ര പണിയ്ക്കർ കായംകുളം മുൻസിഫ് കോടതിയിൽ OS.No.364/2023 നം. കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്.

പഞ്ചായത്തിന്റെ ആസ്തിയായ വള്ളികുന്നം പിറയിൽ നിന്നും ലഭിച്ചിട്ടുള്ള മണ്ണ് ലേലം ചെയ്ത് തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ, കേസിന്റെ തുടർനടപടികൾ എന്നിവ വ്യക്തമാക്കി മറുപടി നൽകുവാനാശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.18 തീയതി 13.11.2025)ലഭ്യമാക്കിയ മറുപടി പ്രകാരം പുനർലേല നടപടികൾ ആരംഭിയ്ക്കണമെങ്കിൽ റോയൽറ്റിയ്ക്ക് പുറമേ സർക്കാർ ഭൂമിയിൽ നിന്നും ഖനനം ചെയ്ത മണ്ണ് വിറ്റഴിയ്ക്കുമ്പോൾ സീനിയറേജ് ചാർജ്ജ് റവന്യൂവകുപ്പ് നിശ്ചയിച്ച് നൽകണമെന്നും ആകയാലാണ് കാലതാമസം വന്നിട്ടുള്ളതെന്നും അറിയിച്ചു.

ലേലം അംഗീകരിച്ച് നൽകിയ വ്യക്തി പിൻമാറിയിട്ടുണ്ടെങ്കിൽ ഇ.എം.ഡി കണ്ടുകെട്ടി പുനർലേലം നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നടപടികൾ വൈകുന്നത് പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാക്കുന്നുവെന്നതിനാൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

**1-13 ജി.എസ്.ടി.(ടി.ഡി.എസ്.)ബില്ലിൽ കുറവ് വരുത്തി ഒടുക്കിയില്ല**

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ (മെറ്റീരിയൽസ്) തുക 2.5

ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്നിരിക്കെ 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തിയിൽ ഇപ്രകാരം 2% ജി.എസ്.റ്റി-റ്റി.ഡി.എസ് ആയി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവൃത്തി | എഫ്.റ്റി.ഒ നമ്പർ | എം ബുക്ക് നമ്പർ | മെറ്റീരിയൽസിന്റെ വില | റ്റി.ഡി.എസ്. ആയി ഈടാക്കേണ്ടിയിരുന്ന തുക GST 2% |
|---|---|---|---|---|---|
| 1 | കൌമ്പോണ്ട് വാൾ കൺസ്ട്രക്ഷൻ | 0121EATPAYREQ1811202416898 DATED 18/11/24 | 17/22-23,154 /22-23 | 595769 | 11915 |

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി (10/10.11.25) ക്ക് ആയത് അടക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയതായി അറിയിച്ചു. തുക എത്രയും വേഗം ജി.എസ്.റ്റി. വകുപ്പിലേക്ക് അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-14 വലിയതുറ ജംഗ്ഷൻ കണ്ണങ്കര ജംഗ്ഷൻ റോഡ് മെയിന്റനൻസ്-കാലാവധി ദീർഘീകരണം എ.എക്സ്.ഇ.യുടെ അംഗീകാരം ഇല്ലാതെ**

| | |
|---|---|
| പ്രോജക്ട് നം. | So0172/25 |
| പ്രോജക്ടിന്റെ പേര് | വലിയതുറ ജംഗ്ഷൻ-കണ്ണങ്കര ജംഗ്ഷൻ റോഡ് മെയിന്റനൻസ് |
| അടങ്കൽ | 13,37,746 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 13,37,746 |
| പി.എ.സി | 1045354 |
| എഗ്രീഡ് റേറ്റ് | 1149898.33 |
| എഗ്രിമെന്റ് നം | 13/AE/LID &EW/VKNM/23-24/14-12-2023 |
| കരാറുകാരൻ | എ.എം.ഹമീദ് |

വലിയതുറ ജംഗ്ഷൻ-കണ്ണങ്കര ജംഗ്ഷൻ റോഡ് മെയിന്റനൻസ് എന്ന വർക്കുമായി ബന്ധപ്പെട്ട ഫയൽ, ഇ-എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ ലെറ്റർ ഓഫ് അക്സെപ്റ്റൻസ് പ്രകാരം വർക്കിന്റെ കരാർ കാലാവധി 6 മാസമാണ്. 14.12.2023 ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 13.06.2024 നകം ആണ്. കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് 10.12.2024 വരെ കാലാവധി ഫൈൻ കൂടാതെ ദീർഘിപ്പിച്ച് നൽകിട്ടുണ്ട്. എന്നാൽ കരാറുകാരന്റെ അപേക്ഷയിൽ തീയതി രേഖപ്പെടുത്താത്തതിനാൽ അപേക്ഷ കരാർ കാലാവധിക്കുള്ളിൽ നൽകിയതാണോയെന്ന് വ്യക്തമല്ല. അപേക്ഷയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ കാലാവധി ദീർഘിപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതും പിഴ ഒഴിവാക്കി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുള്ളതുമാണ്. എന്നാൽ അഞ്ചു ലക്ഷത്തിനും പതിനഞ്ചു ലക്ഷത്തിനും ഇടയിലുള്ള വർക്കിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപ്രൂവിംഗ് അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണെന്നിരിക്കെ ടൈം എക്സ്റ്റെൻഷൻ എ.എക്സ്.ഇ അപ്രൂവ് ചെയ്തിട്ടില്ല. കൂടാതെ അപ്രൂവിംഗ് അതോറിറ്റിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പിഴ ഒഴിവാക്കാമെന്ന് ശുപാർശ ചെയ്യാൻ മാത്രമേ അധികാരമുള്ളൂ. എന്നാൽ പിഴ ഒഴിവാക്കുന്നതിന്റെ അന്തിമ തീരുമാനം ഔപചാരികമായ ഒരു സമിതി പ്രമേയത്തിലൂടെ ഗ്രാമപഞ്ചായത്ത് സമിതിയാണ് എടുക്കേണ്ടത്. ഫയലുകളിൽ മേൽസൂചിപ്പിച്ച യാതൊരു രേഖകളും ഇല്ല.

അപാകതകളിൻമേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7 തീയതി 07.11.2025), മഴയും പ്രതികൂല കാലാവസ്ഥയും കാരണമാണ് ടാറിംഗ് പ്രവൃത്തികൾ വൈകിയതെന്നും അത് കാരണമാണ് കാലാവധി പിഴ കൂടാതെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

എന്നാൽ പ്രസ്തുത പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ വിവരങ്ങളോ, അതിന്റെ പകർപ്പോ, ടൈം എക്സ്റ്റെൻഷൻ എ.എക്സ്.ഇ അപ്രൂവ് ചെയ്യാതിരുന്നത് സംബന്ധിച്ചുള്ള വിശദീകരണമോ മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ആകയാൽ പഞ്ചായത്ത് കമ്മറ്റിയുടെ അനുമതിയില്ലാതെ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വർക്കിന്റെ യഥാർത്ഥ കാലാവധിയായ 6 മാസത്തിന്റെ 50 ശതമാനത്തിൽ (3 മാസം) കൂടുതൽ കാലയളവിലേക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയ നടപടി അംഗീകരിക്കാൻ കഴിയില്ല. അനുവദനീയമായ ദീർഘീകരണ കാലയളവിന് ശേഷം 14.9.2024 മുതൽ 10.12.2024 വരെയുള്ള കാലതാമസം 88 ദിവസത്തിന് (12 ആഴ്ച) ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജ് (1149898x1.2%) 13799/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. കരാറുകാരനിൽ നിന്നും ഈടാക്കാത്തപക്ഷം ബിൽ തുക അനുവദിച്ച നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-15 പൈക്ക പദ്ധതി - ചെലവഴിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല

പൈക്ക പദ്ധതിയുമായി ബന്ധപ്പെട്ട അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ, വാർഷിക കണക്കുകൾ എന്നിവ പരിശോധിച്ചതിൽ, 31.03.2025 ൽ ₹7,14,636/- രൂപ (പലിശ ഉൾപ്പടെ) വർഷങ്ങളായി ചെലവഴിക്കപ്പെടാതെ ബാങ്ക് അക്കൗണ്ടിൽ നിൽപ്പുണ്ട്. ഉപേക്ഷിച്ച പദ്ധതി (പൈക്ക ) നിലവിൽ അവസാനിപ്പിക്കപ്പെട്ട് രാജീവ് ഗാന്ധി ഖേൽ അഭിയാൻ / ഖേലോ ഇന്ത്യ (Khelo India) എന്ന പദ്ധതിയുമായി ലയിച്ചിരിക്കുന്നതിനാൽ, ഇതിലെ തുക മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതിയില്ലാത്തതാണ്.തുക ട്രഷറിയിലേക്ക് മടക്കിക്കൊടുക്കുന്നതോ പുനർവിനിയോഗാനുമതി നേടുന്നതോ സംബന്ധിച്ച് പഞ്ചായത്ത് യാതൊരു നടപടിയും നാളിതുവരെയും കൈകൊണ്ടിട്ടില്ല.

സർക്കുലർ നമ്പർ 24/2021/Fin, തീയതി 23.03.2021,സർക്കുലർ നമ്പർ 24/2021/Fin തീയതി 03.04.2024,എന്നിവ പ്രകാരം പദ്ധതി അക്കൗണ്ടുകളിൽ നിലനിൽക്കുന്ന ചെലവാക്കാത്ത തുകകൾ സിംഗിൾ നോഡൽ അക്കൗണ്ടിലേക്കോ / ട്രഷറിയിലേക്കോ മടക്കി നൽകുകയോ, അല്ലെങ്കിൽ സർക്കാരിന്റെ അനുമതിയോടെ പുനർവിനിയോഗിക്കുകയോ വേണമെന്ന് വ്യക്തമാക്കുന്നു. ചെലവാക്കാത്ത തുക ധനവകുപ്പിന്റെ നിർദേശങ്ങൾ അനുസരിച്ച് ട്രഷറിയിൽ അനുയോജ്യമായ ഹെഡിൽ നിലവിൽ മടക്കി അടച്ചിട്ടുണ്ടെങ്കിൽ ട്രഷറി ചെലാൻ കോപ്പി ലഭ്യമാക്കുകയോ / സർക്കാർ പുനർവിനിയോഗാനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ അത് പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.4 തീയതി 06.11.2025)നൽകിയിരുന്നു. എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, പദ്ധതി അവസാനിച്ച സാഹചര്യത്തിൽ ഈ വിഷയം തുടർന്നുവരുന്ന ഗ്രാമ പഞ്ചായത്ത് കമ്മറ്റിയിൽ ചർച്ച ചെയ്ത് ട്രഷറിയിൽ തിരിച്ചടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശപ്രകാരം പദ്ധതി അക്കൗണ്ടുകളിൽ നിലനിൽക്കുന്ന ചെലവാക്കാത്ത തുകകൾ സിംഗിൾ നോഡൽ അക്കൗണ്ടിലേക്കോ / ട്രഷറിയിലേക്കോ അടക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 ബെയിലിംഗ് മെഷീൻ - പ്രവർത്തന സജ്ജമാക്കിയില്ല

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ ബെയിലിംഗ് മെഷീൻ പ്രവർത്തന സജ്ജമാക്കിയില്ല എന്നത് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടി വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/13.11.2025 ന് ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി എം.സി.എഫിൽ ത്രീ ഫേസ് വയറിംഗ് കണക്ഷൻ എടുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചതായും ടി പ്രവർത്തി പൂർത്തിയാക്കിയതായും അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 3.10.2025 ലെ 4823898-2025 നമ്പർ കത്ത് പ്രകാരം ത്രീ ഫേസ് കണക്ഷൻ ലഭിക്കുന്നതിനായി കെ.എസ്.ഇ.ബിക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതിന്റെ തുടർ നടപടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി (ജനറൽ) |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | S0005/25 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ.(കടുവിനൽ) |
| അടങ്കൽ | ആകെ-₹44643600<br>----------------------------------<br>വികസന ഫണ്ട്- ₹4038600<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-₹10000000<br>തനത് ഫണ്ട്-₹605000<br>ബ്ളോക്ക് പഞ്ചായത്ത് വിഹിതം-₹10000000<br>ജില്ലാ പഞ്ചായത്ത് വിഹിതം-₹10000000<br>മറ്റുളളവ -₹10000000 |
| ചെലവ് | ആകെ-₹12909600<br>----------------------------------<br>വികസന ഫണ്ട്- ₹1109600<br>സംസ്ഥാനാ വിഷ്കൃത ഫണ്ട്-₹2240000<br>തനത് ഫണ്ട്-₹300000<br>ബ്ളോക്ക് പഞ്ചായത്ത് വിഹിതം-₹1320000<br>ജില്ലാ പഞ്ചായത്ത് വിഹിതം-₹940000<br>മറ്റുളളവ-₹7000000 |
| ബില്ല് നമ്പർ | മേൽ ചെലവിലെ 2024-25 വർഷത്തെ വിവിധ ഇനം ബില്ലുകൾ |

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര്, മേൽ വിലാസം | വാർഡ് നമ്പർ | കൈപ്പറ്റിയ ആനുകൂല്യം | തുക കൈപ്പറ്റിയ വർഷം |
|---|---|---|---|
| വത്സലയമ്മ, ചരുവിള തെക്കതിൽ | 3 | ₹40,000 | 2024-25 |
| മണി, ആനന്ദ ഭവനം, ഇലിപ്പക്കുളം | 18 | ₹40,000<br>₹1,60,000 | 2024-25 |
| സന്തോഷ് കുമാർ, സന്തോഷ് ഭവനം, ചൂനാട് | 1 | ₹40,000<br>₹1,60,000 | 2024-25 |
| സിന്ധു ആർ., ശ്രീനന്ദനം, വള്ളിക്കുന്നം | 3 | ₹40,000 | 2024-25 |
| കാർത്തികേയൻ, മതിലകത്ത് പടീറ്റതിൽ, തെക്കേമുറി | 13 | ₹40,000 | 2024-25 |
| സുധാകരൻ എം., പുത്തൻ വീട്ടിൽ പടീറ്റതിൽ, കഴായ്മ | 17 | ₹40,000 | 2024-25 |

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 2/06.11.25)യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പല ഗുണഭോക്താക്കളും രോഗാവസ്ഥയിലുള്ളതിനാൽ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല എന്ന് അറിയിച്ചു. ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-18 സ്മാർട്ട് അങ്കണവാടി - മൂല്യനിർണയ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല**

പ്രോജക്ട് നമ്പർ –S0231/25

പ്രോജക്ടിന്റെ പേര് - 131, 143 നമ്പർ അങ്കണവാടികൾ സ്മാർട്ട് ആക്കുക

നിർവഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ
അടങ്കൽ – 4,90,000 (കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് - 2,00,000 (ചെക്ക് നം. 00069/27.3.25 )

131, 143 നമ്പർ അങ്കണവാടികൾ സ്മാർട്ട് ആക്കുക എന്ന പ്രവർത്തി അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിച്ചാണ് നടത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ആർട്കോ ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗനവാടികളിൽ വിവിധ ഇന്റീരിയർ വർക്ക് ചെയ്യുകയും കളിയുപകരണങ്ങൾ, ഫർണീച്ചർ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അംഗനവാടികളുടെ ഇന്റീരിയർ വർക്ക് ചെയ്യുന്നതിനായി ആർട്കോയെ അക്രഡിറ്റഡ് ഏജൻസി ആയി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഭിത്തിയിലെ പെയിന്റിംഗ്, ആർട് വർക്ക് എന്നിവക്ക് എഞ്ചിനീയറിംഗ് വിംഗിൽ നിന്നുള്ള മൂല്യനിർണയ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ചെയ്ത പ്രവർത്തിയുടെ അളവ് ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ ഇനം | പ്രവർത്തിയുടെ അളവ് (Sq.Feet ) | ചെലവ് |
|---|---|---|
| Outside Front Wall ART- | 968 | 42262 (@37 Gst 18% ) |
| Angan Wady Classroom Painting | 330 | 7009.2 (@18 Gst 18% ) |
| Angan Wady Full Painting | 2179 | 46281 (@37 Gst 18% ) |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/11.11.2025 ന് നൽകിയ മറുപടിയിൽ സ്മാർട്ട് അങ്കണവാടികളുടെ ഇന്റീരിയർ വർക്ക് ചെയ്യുന്നതിനായി ആർട്കോയെ അക്രഡിറ്റഡ് ഏജൻസി ആയി സർക്കാർ അംഗീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. (സർക്കാർ കത്ത് നം.EPA3/192/2023-LSGD/തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്/18.4.2023 ).

ചെയ്ത പ്രവർത്തിയുടെ അളവ് കൃത്യമാണോയെന്ന് ഉറപ്പാക്കാതെ തുക ചെലവഴിച്ചത് ക്രമ രഹിതമാണ്. മേൽ പ്രവൃത്തി സംബന്ധിച്ച കൃത്യമായ മൂല്യ നിർണയം എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിക്കേണ്ടതാണ്.

**1-19 വീട് മെയിന്റനൻസ് (എസ്.സി.പി) - നാളിതുവരെ പണി പൂർത്തീകരിച്ചില്ല**

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | S0125/25 |
| പ്രോജക്ടിന്റെ പേര് | വീട് മെയിന്റനൻസ് എസ്.സി.പി. |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ.(വള്ളികുന്നം) |
| അടങ്കൽ | ആകെ-2125000<br>-------------------------<br>വികസന ഫണ്ട് എസ്.സി.പി.- 2124000<br>തനത് ഫണ്ട്-1000 |

| | |
|---|---|
| ചെലവ് | ആകെ-₹2125000<br>-------------------------<br>വികസന ഫണ്ട് എസ്.സി.പി.-₹2124000<br>തനത് ഫണ്ട്-₹1000 |
| ബില്ല് നമ്പർ | മേൽ ചെലവിലെ 2024-25 വർഷത്തെ വിവിധ ഇനം ബില്ലുകൾ |

ചുവടെയുള്ള ഗുണഭോക്താക്കൾ വീട് മെയിന്റനൻസ് ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നാളിതു വരെ പണി പൂർത്തിയാക്കുകയോ ആയതിന് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്യാത്തതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി (3/06.11.25)യ്ക്ക് വീട് മെയിന്റനൻസ് പൂർത്തിയാക്കി കൊണ്ടിരിക്കുകയാണെന്നും പൂർത്തിയാകുന്ന മുറയ്ക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങി രണ്ടാം ഗഡു ഗുണഭോക്താക്കൾക്ക് നൽകുന്നതാണെന്ന് മറുപടി നൽകി. വീട് മെയിന്റനൻസ് പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഗുണഭോക്താവിന്റെ പേര്, മേൽ വിലാസം | കൈപ്പറ്റിയ ആനുകൂല്യം | തുക കൈപ്പറ്റിയ വർഷം |
|---|---|---|
| വിനയരാജ്, മലമേൽ കിഴക്കതിൽ | ₹50,000 | 2024-25 |
| ശകുന്തള, കണ്ണങ്കര കിഴക്കതിൽ, ഇലിപ്പക്കുളം | ₹50,000 | 2024-25 |
| വിജയമ്മ, ഇടത്തിട്ട കിഴക്കതിൽ, ഇലിപ്പക്കുളം | ₹50,000 | 2024-25 |
| പ്രകാശ്, പോന്നാവിള കിഴക്കതിൽ, ഇലിപ്പക്കുളം | ₹50,000 | 2024-25 |
| ഉഷ, തുഷാര ഭവനം, തെക്കേമുറി | ₹50,000 | 2024-25 |

**1-20 മുട്ടക്കോഴി വിതരണം - ഗുണഭോക്തൃ വിഹിതം പൂർണമായ ം ചെലവഴിച്ചില്ല**

പ്രോജക്ട് നമ്പർ S0105/25

പ്രോജക്ടിന്റെ പേര് - സമ്പൂർണ്ണ മുട്ട ഗ്രാമം മുട്ടക്കോഴി വളർത്തൽ

നിർവഹണം - വെറ്ററിനറി സർജൻ

അടങ്കൽ –8,84,370 രൂപ (816320 (വികസന ഫണ്ട് ജനറൽ) , 68050 ( ഗുണഭോക്തൃവിഹിതം ))

ചെലവ്

1) 600000 (BRN -24070852004901542099/13.3.2025, വികസന ഫണ്ട് ജനറൽ)

2) 30000 (BRN -24070852004901682939/23.3.2025, വികസന ഫണ്ട് ജനറൽ)

3) 62500 (ചെക്ക് നം. 000062/24.3.2025, ഗുണഭോക്തൃവിഹിതം)

മേൽ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 5 കോഴിക്കുഞ്ഞുങ്ങളെ വീതം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഒരു ഗുണഭോക്താവിൽ നിന്ന് 50 രൂപ വീതം 1313 ഗുണഭോക്താക്കളിൽ നിന്ന് ആകെ 65,650 രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചിട്ടുണ്ട്. 63 ഗുണഭോക്താക്കൾ അടച്ച 3,150 രൂപ തൻവർഷം ചെലവഴിച്ചില്ല. ടി ഗുണഭോക്താക്കൾക്ക് പിന്നീട് ആനുകൂല്യം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/10.11.2025 ന് ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി 2025-26 വർഷം പദ്ധതി ഏറ്റെടുത്തതായി അറിയിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ പൂർത്തീകരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-21 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു**

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല.

1 ) പ്രോജക്ട് നം - 154/25

പ്രോജക്ടിന്റെ പേര് - പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബിയിൽ 1,84,347 രൂപ അടച്ചിട്ടുണ്ട്. ഇതിൽ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ മണപ്പള്ളിയിൽ അടച്ച 33,957 രൂപ(BRN -24070852013200299815/20.6.2024),29065രൂപ(BRN24070852013201613845/21.3.2025) എന്നീ തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല.

2) പ്രോജക്ട് നമ്പർ – 261/25

പ്രോജക്ടിന്റെ പേര് - ശ്രുതി തരംഗം പദ്ധതി

മേൽ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 48,686 രൂപ ചെക്ക് നമ്പർ 000064/24.3.25 പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കേരളയ്ക്ക് നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല .

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/10.11.2025 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 1,11,708 രൂപയുടെ (63022+48686)ചെലവ് തടസ്സപ്പെടുത്തുന്നു.

**1-22 അഗതിരഹിത കേരളം പദ്ധതി – അതിജീവനാവശ്യങ്ങൾ നിറവേറ്റപ്പെടുന്നില്ല**

അഗതിരഹിത കേരളം പദ്ധതി – അതിജീവനാവശ്യങ്ങൾ നിറവേറ്റപ്പെടുന്നില്ല
പ്രോജക്ട് നം - S0031/2025

പ്രോജക്ടിന്റെ പേര് -ആശ്രയ അഗതിരഹിത കേരളം കുടുംബശ്രീക്ക് തുക കൈമാറൽ
നിർവഹണം – അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം 1,00,000/- രൂപ തൻവർഷം സി.ഡി.എസ്. അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. തൻ വർഷം ഭക്ഷണക്കിറ്റിന്റെ വിതരണം മാത്രമാണ് നടത്തിയിട്ടുള്ളത്. ചലഞ്ച് ഫണ്ടിനത്തിൽ വർഷാരംഭത്തിൽ 12,39,786/-രൂപ ബാങ്കിൽ നീക്കിയിരിപ്പുണ്ടായിട്ടും മറ്റ് ആവശ്യങ്ങൾക്കായി പ്രോജക്ട് നടപ്പാക്കിയിട്ടില്ല. സാമ്പത്തിക വർഷാവസാനം ടി അക്കൗണ്ടിൽ 5,41,765 രൂപ അവശേഷിക്കുന്നു. അഗതിരഹിത കേരളം പദ്ധതിരേഖ 2019ൽ കുടുംബശ്രീ മിഷനിൽ നിന്നും അംഗീകരിച്ച് വന്നിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/2025/13.11.25-ന് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ 118 അഗതി കുടുംബങ്ങൾ ഉള്ളതായും 5 പേർക്ക് ഭവന പുനരുദ്ധാരണം ആവശ്യമുള്ളതായും അറിയിച്ചിട്ടുണ്ട്. അഗതികളുടെ അടിസ്ഥാന ആവശ്യങ്ങൾ പൂർണമായും നിറവേറ്റുന്നതിനാവശ്യമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

**1-23 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - അപാകത**

2024-25 സാമ്പത്തിക വർഷം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് ₹3,00,000 ഹോംകോയ്ക്ക് നൽകിയെങ്കിലും ₹90,076 രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചുള്ളൂ.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | S0238/25 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേ ഡിസ്പെൻസറി, വള്ളികുന്നം |
| അടങ്കൽ | ₹3,00,000 |

| | |
|---|---|
| ചെലവ് | ₹3,00,000 |
| ബിൽ നമ്പർ, തീയതി | 24070852005200983920 Dated 04.12.24,₹300000 (Managing Director,HOMCO,Pathirapally,Alleppey) |

ലഭിച്ച മരുന്നിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ലഭിച്ച മരുന്നിന്റെ ഇൻവോയ്സ് നമ്പർ,തീയതി | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വില |
|---|---|---|
| LF- 526 Dated 27.06.25 | ₹90,076 | |
| | ₹90,076 | ₹2,09,924 |

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/10.11.25 ക്ക് രണ്ടു തവണ മരുന്ന് ലഭിക്കാൻ അധികൃതർക്ക് ഇ-മെയിൽ ചെയ്തെന്നും എന്നാൽ നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല എന്നുമാണ് മറുപടി നൽകിയത്. മരുന്ന് എത്രയും വേഗം ലഭ്യമാകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-24 ജലജീവൻ മിഷൻ- അവലോകനം**

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

<u>ജൽജീവൻ മിഷൻ - കേരളം</u>

ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024-നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യം. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

<u>ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖ</u>

സ.ഉ.(കൈ)നം.37/2020/ജ.വി.വ./08.06.2020 നമ്പർ ഉത്തരവ് പ്രകാരമുള്ള ജൽ ജീവൻ മിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള "ഗ്രാമപഞ്ചായത്ത്തല കർമ്മ പദ്ധതി" നാളിതുവരെ ആരംഭിച്ചിട്ടില്ല.

<u>പദ്ധതി വിലയിരുത്തൽ</u>

2020-21 മുതൽ 2024-25 വരെ ജൽ ജീവൻമിഷൻ പദ്ധതിയ്ക്കായി തുക വകയിരുത്തുകയോ, ചെലവഴിക്കുകയോ വിഹിതം നൽകുകയോ ചെയ്തിട്ടില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കുടിവെള്ള കണക്ഷൻ നൽകിയ വീടുകളുടെ എണ്ണം, പദ്ധതി നടപ്പാക്കുന്നതിനായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കുഴിച്ച റോഡുകളുടെ എണ്ണം, വിസ്തൃതി തുടങ്ങിയ വിവരങ്ങളൊന്നും തന്നെ ഗ്രാമപഞ്ചായത്ത് ശേഖരിച്ചിട്ടില്ല. പദ്ധതി നിർവ്വഹിക്കുവാനാവശ്യമായ യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

പൊതുടാപ്പുകളും പൈപ്പ് ലൈനുകളും സ്ഥാപിച്ച് വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതി വഴി എല്ലാവർക്കും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്താനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-25 ഹെൽത്ത് ഗ്രാന്റ് അവലോകനം</u>

പതിനഞ്ചാം ധനകാര്യ കമ്മീഷൻ (FC-XV) 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ ₹4,27,911 കോടി രൂപ ഗ്രാന്റ് ശുപാർശ ചെയ്തിട്ടുണ്ട്, ഇതിൽ ₹70,051 കോടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ആരോഗ്യ ഗ്രാന്റുകൾക്കായി പ്രത്യേകം നീക്കിവച്ചിട്ടുണ്ട്. ഇതിൽ ഗ്രാമീണ, നഗര, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകളും ഉൾപ്പെടുന്നു. അടിസ്ഥാന തലത്തിൽ പ്രാഥമിക ആരോഗ്യ സേവനങ്ങൾ ശക്തിപ്പെടുത്തുകയും മൊത്തത്തിലുള്ള ആരോഗ്യ ഫലങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് ലക്ഷ്യം.

(I) <u>ഹെൽത്ത് ഗ്രാന്റ് സ്കീം 1,3,4 എന്നിവ പ്രകാരമുള്ള വരവ്, ചെലവ് വിശദാംശങ്ങൾ</u>

ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ ഹെൽത്ത് ഗ്രാന്റ് സ്കീം 3 പ്രകാരമുള്ള വരവ്, ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗ്രാന്റിന്റെ പേര് | ആകെ ലഭിച്ച തുക | ചെലവഴിച്ച തുക | ഹെൽത്ത് ഗ്രാന്റിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2023-24 | ഹെൽത്ത് ഗ്രാന്റ് | 5,77,000 (സ്കീം 4) | 3,49,852 | 2,27,148 |
| 2023-24 | ഹെൽത്ത് ഗ്രാന്റ് | 12,06,716 (സ്കീം 3) | 2,87,746 | 9,18,970 |
| 2024-25 | ഹെൽത്ത് ഗ്രാന്റ് | 6,63,000 (സ്കീം 4) | 2,43,741 | 4,19,259 |
| 2024-25 | ഹെൽത്ത് ഗ്രാന്റ് | 4,21,000 (സ്കീം 3) | 2,39,854 | 1,81,146 |

(Ii)ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയ പ്രവർത്തികളുടെ വിവരം

| വർഷം | പ്രോജക്ടിന്റെ പേര്/പ്രോജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| 2023-24 | സ്കീം.3 ആരോഗ്യ സ്ഥാപനങ്ങൾക്ക് രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ/പ്രോജക്ട് നം.S0161/24 | 2,93,019 | 1,52,824 |
| 2023-24 | കുടുംബാരോഗ്യ ജനകീയാരോഗ്യ കേന്ദ്രങ്ങളിലെ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ/പ്രോജക്ട് നം.S0198/24 | 10,07,000 | 1,88,041 |
| 2023-24 | പ്രോജക്ട് നം.S0160/24 ആരോഗ്യ ഉപകേന്ദ്രങ്ങളുടെ വെൽനസ് | 1,60,000 | 1,59,970 |
| 2023-24 | പ്രോജക്ട് നം.S0199/24 കുടുംബാരോഗ്യ ജനകീയാരോഗ്യ കേന്ദ്രങ്ങളിലെ വെൽനസ് പ്രവർത്തനങ്ങൾ | 4,17,000 | 1,36,763 |
| 2024-25 | ആരോഗ്യ സ്ഥാപനങ്ങൾക്ക് രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ പ്രോജക്ട് നം.S0215/25 | 1,40,195 | 1,38,412 |
| 2024-25 | കുടുംബാരോഗ്യ ജനകീയാരോഗ്യകേന്ദ്രങ്ങളിലെ രോഗനിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ/പ്രോജക്ട് നം.S0216/25 | 8,18,959 | 6,30,233 |
| 2024-25 | കുടുംബാരോഗ്യ ജനകീയാരോഗ്യ കേന്ദ്രങ്ങളിലെ വെൽനസ് പ്രവർത്തനങ്ങൾ പ്രോജക്ട് നം.S0217/25 | 2,80,237 | 2,43,741 |

ഹെൽത്ത് ഗ്രാന്റ് വകയിരുത്തി നിർമ്മാണ പ്രവർത്തികളൊന്നും തന്നെ പ്രസ്തുത വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല.

ഹെൽത്ത് ഗ്രാന്റ് വരവ്, ചെലവ് കണക്കുകൾ തൻവർഷത്തെ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും ശക്തമായ ശൃംഖല നിലനിൽക്കുന്ന കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനം, ജനസംഖ്യയുടെ വലിയൊരു വിഭാഗത്തിന് ആരോഗ്യ സേവനങ്ങൾ പ്രാപ്യമാണെന്ന് ഉറപ്പാക്കുന്നുണ്ട്. മേഖലയെ ശാക്തീകരിക്കുന്നതിന് ലഭ്യമായ ഫണ്ട് വിനിയോഗിച്ച് പരമാവധി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക്

മെഡിസെപ് പ്രീമിയം ഒടുക്ക് ( റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 15 | 90,000 | 90,000 | ഇല്ല | - |

01.04.2024 മുതൽ 31.03.2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം - ഒടുക്ക് **(01.04.2024** മുതൽ **31.03.2025** നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല

മെഡിസെപ് പ്രീമിയം - ഒടുക്ക് **(01.07.2024** -ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല

മെഡിസെപ് പ്രീമിയം - ഒടുക്ക് **(01.08.2024** മുതൽ **31.03.2025** നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ട് നം., പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 12,44,682 | പ്രോജക്ട് നം.12/25, 128/25 ലൈഫ് ഭവന നിർമ്മാണം എസ്.സി.പി | 12,44,682 | 0 |
| | | 14,80,000 | പ്രോജക്ട് നം.5/25, 163/25 ലൈഫ് ഭവന നിർമ്മാണം ജനറൽ | 14,80,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 4,95,000 | പ്രോജക്റ്റ് നം.17/25 ഭിന്നശേഷി സ്കോളർഷിപ്പ് | 4,95,000 | 0 |
| | | 5,79,987 | പ്രോജക്റ്റ് നം.30/25, 126/25 പാലിന് ഇൻസെന്റീവ് | 5,79,987 | 0 |
| | | 2,00,000 | പ്രോജക്റ്റ് നം.95/25 സമഗ്ര നെൽകൃഷി വികസനം | 2,00,000 | 0 |
| | | 4,98,619 | പ്രോജക്റ്റ് നം.6/25 സാന്ത്വന പരിചരണ പദ്ധതി | 4,98,619 | 0 |
| | | 2,09,254 | പ്രോജക്റ്റ് നം.13/25 അനുപൂരക പോഷകാഹാരം | 2,09,254 | 0 |
| | | 6,95,823 | പ്രോജക്റ്റ് നം.16/25,117/25 അനുപൂരക പോഷകാഹാരം എസ്.സി.പി | 6,95,823 | 0 |
| | | 1,98,486 | പ്രോജക്റ്റ് നം.111/25 സായം പ്രഭ ഹോം | 1,98,486 | 0 |
| ആകെ | | 56,01,851 | | 56,01,851 | |
| ജില്ലാ പഞ്ചായത്ത് | 2024-25 | 6,60,000 | പ്രോജക്റ്റ് നം.12/25 ലൈഫ് ഭവന നിർമ്മാണം എസ്.സി.പി | 6,60,000 | 0 |
| | | 11,60,000 | പ്രോജക്റ്റ് നം.5/25,163/25 ലൈഫ് ഭവന നിർമ്മാണം ജനറൽ | 11,60,000 | 0 |
| | | 1,00,000 | പ്രോജക്റ്റ് നം.13/25 അനുപൂരക പോഷകാഹാരം | 1,00,000 | 0 |
| | | 40,000 | പ്രോജക്റ്റ് നം.239/25 സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കൂളുകൾക്ക് തുക നൽകൽ | 40,000 | 0 |
| | | 2,00,000 | പ്രോജക്റ്റ് നം.30/25 പാലിന് ഇൻസെന്റീവ് | 2,00,000 | 0 |
| | | 2,70,000 | പ്രോജക്റ്റ് നം.95/25 സമഗ്ര നെൽകൃഷി വികസനം ജനറൽ | 2,70,000 | 0 |
| | | 36,000 | പ്രോജക്റ്റ് നം.241/25 എസ്.റ്റി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 36,000 | 0 |
| | | 1,59,100 | പ്രോജക്റ്റ് നം.17/25 ഭിന്നശേഷി | 1,59,100 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| ആകെ | | 26,25,100 | | 26,25,100 | |

**4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ S0154/25 | 1) 33,957 രൂപ BRN -24070852013200299815 /20.6.2024<br>2) 31,096 രൂപ, ചെക്ക് നം.6978 /20.9.24<br>3) 8,834 രൂപ, ചെക്ക് നം.6978/ 20.9.24<br>4) 30,747 രൂപ BRN -24070852013201071343 /22.12.24<br>5) 16,297 രൂപ BRN -24070852013201232818 /27.1.2025<br>6) 21,491 രൂപ BRN -24070852013201230000 /27.1.2025<br>7) 12,860 രൂപ BRN -24070852013201232819 /27.1.2025<br>8) 29,065 രൂപ BRN -24070852013201613845 /21.3.2025 | 1,84,347 | 1,21,325 | 63,022 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ലഭ്യമല്ല | 95,37,776 | 1,88,03,027 | 25,71,587 | | 2,57,69,216 |

**4-6 സ്ഥിര നിക്ഷേപം**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

**4-9 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,70,04,783 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,39,09,834 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,11,708 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,11,708 | ബിജു കെ.പി., സെക്രട്ടറി |
| ആകെ | 1,11,708 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-13 (ജി.എസ്.ടി(ടി.ഡി.എസ്)) | 11,915 | ബിജു കെ.പി., സെക്രട്ടറി |
| ആകെ | 11,915 | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിജു കെ.പി., സെക്രട്ടറി | സെക്രട്ടറി കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | അഭിരാമം പുതിയവിള പി.ഒ., കായംകുളം |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-1999 (ചെലവ്) | എൽ.എഫ്. ജി. എ5-1832/11 തീയതി 03.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2003-04 | എൽ.എഫ്.ജി.എ.5-1832/11 തീയതി 02.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2006-07 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023(ഓഡിറ്റ് അദാലത്ത്) |
| 2007-08 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023(ഓഡിറ്റ് അദാലത്ത്) |
| 2008-09 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 (ഓഡിറ്റ് അദാലത്ത്) |
| 2009-10 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 (ഓഡിറ്റ് അദാലത്ത്) |
| 2010-11 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 (ഓഡിറ്റ് അദാലത്ത്) |
| 2011-12 മുതൽ 2012-13 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 |
| 2014-15 | നം.കെ.എസ്.എ-എ.എൽ.പി/പി.6-659/16 തീയതി: 04.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 |
| 2016-17 | നം.കെ.എസ്.എ-എ.എൽ.പി/പി.6-1386/17 തീയതി: 13.11.2017 |
| 2017-18 | കെ.എസ്.എ-എ.എൽപി/പി6/1551/2018 തീയതി 23.11.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി |

| | |
|---|---|
| | 2.05.2023 |
| 2019-20 | കെ.എസ്.എ-എ.എൽപി/പി6/914/2021 തീയതി 24.02.2022 |
| 2020-21 | കെ.എസ്.എ-എ.എൽപി/പി6/915/2021 തീയതി 24.02.2022 |
| 2021-22 | കെ.എസ്.എ-എ.എൽപി/പി6/252/2023 തീയതി 29.03.2023 |
| 2022-23 | കെ.എസ്.എ-എ.എൽ.പി./പി 6-1377/2023, തീയതി: 20.12.2023 |
| 2023-24 | കെ.എസ്.എ-എ.എൽ.പി.-പി 6-775/2024, തീയതി: 23.9.2024 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 08-07-2025 and submitted on 10-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Vallikkunnam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Vallikkunnam Grama Panchayat as on 31-03-2025

**Date: 18/12/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Vallikkunnam Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1. All the statements required as per accounting rules were not included in the annual accounts.
2. Demand entries for accrual-based revenues are not being recorded in a timely manner.
3. The property tax demand, collection, and balance do not reconcile with the Sanchaya system.
4. The amount shown in the balance sheet as Other advance- accuracy has not been clarified.
5. Water charge arrears were not recorded as a liability in the accounts.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്